LIBRARY ARCHIVES Kerala Legislative Assembly

COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE BUDGET SESSION OF 1122

Saturday, *the* *9th August 1947* / *24th Karkadagam 1122*

The Council met in the Council Hall, Ernakulam, at half-past Eleven of the Clock with the Hon'ble President (Mr. L. M. Pylee, M.A., B.L.) in the Chair.

Messrs. Jos. K. Verghese, K. H. Sulaiman, K. Kochukuttan, S. S. Koder, Parambi Lonappen, K. Balakrishna Menon, P. Sankara Menon, Choudhury G. S. Dhara Singh, P. T. Jacob, M. Sivarama Menon, P. E. Warne, Rao Bahadur T. S. Narayana Ayyar, S. S. Rao, and Mrs. Dakshayani Velayudhan were absent,

1. QUESTIONS AND ANSWERS

DISTRIBUTION OF RICE ON RATION CARDS

312. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെന്റ് സദയം മറുപടി പറയുമോ.—

(എ) കൊച്ചിയിലും എറണാകുളത്തും റേഷൻ കാർഡുകൾക്കു പച്ചരിയും പഴക്കലരിയും കൊടുക്കുന്നതിന്റെ തോതു സംബന്ധിച്ചു വല്ല പ്രത്യേക വ്യവസ്ഥകളുമുണ്ടോ;

(ബി) മേൽ സ്ഥലങ്ങളിൽ പ്രത്യേകം ചില വ്യക്തികൾക്കൊഴിച്ചു ശേഷം എല്ലാവർക്കും പച്ചരിയും പൊടിയും കൊടുത്തു തുടങ്ങിയിട്ട് എത്ര കാലമായി;

(സി) പഴക്കലരി ഇന്നിന്നവർക്കു മാത്രമെ കൊടുക്കാവു എന്നു വല്ല കല്പനയുമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു് ആർക്കെല്ലാമാണു്;

(ഇ) ഇങ്ങിനെ ചെയ്യുന്നതിനു പ്രത്യേക കാരണമെന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) മനുഷ്യർക്കു് ഉപയോഗിക്കുവാൻ പറ്റാത്ത തരത്തിലുള്ള അരി വിതരണം ചെയ്തിട്ടില്ല.

(സി) ഇല്ല.

(ഡി) & (ഇ) സി-യുടെ ഉത്തരംകൊണ്ടു് ഇവക്കു് ഉത്തരം ആവശ്യമില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ചോദ്യം (ബി)-ൽ, "മേൽസ്ഥലങ്ങളിൽ പ്രത്യേകം ചിലയ വ്യക്തികൾക്കൊഴിച്ചു ശേഷം എല്ലാവർക്കും പച്ചരിയും പൊടിയും കൊടുത്തു തുടങ്ങിയിട്ട് എത്ര കാലമായി" എന്നാണു്. അതിനു ശരിയായിട്ടുള്ള മറുപടി പറഞ്ഞിട്ടില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പ്രത്യേകം ചില വ്യക്തികൾക്കായിട്ട ഒന്നും വിതരണം ചെയ്തിട്ടില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: കഴിഞ്ഞ മേടം ൨൯-ാംനു- ഇതിനെ സംബന്ധിച്ചു് ൨൪ ആളുകൾ ഒപ്പിട്ടതായ ഒരു പെറ്റീഷൻ ബഹുമാനപ്പെട്ട മന്ത്രിയുടെ കിട്ടിയതായിട്ടറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു നോട്ടീസ്സു വേണം.

Mr. P. A. Mohammed Ashrof *(Cranganur)*: May I know, Sir, whether the Government have any information regarding the distribution of raw rice only for the past few months in Ernakulam Town?.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചിലപ്പോൾ Raw rice കൊടുക്കാറുണ്ടു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഇപ്പോഴും Raw rice തന്നെയാണോ കൊടുക്കുന്നത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: Raw rice ഉള്ളപ്പോൾ അതു കൊടുക്കും. ഇന്ത്യക്കു പുറമെനിന്നു വരുന്നതു Raw rice ആണു.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: പുഴുക്കലരി കിട്ടാറില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കുറേശ്ശെ കിട്ടാറുണ്ടു. അതു കിട്ടുന്നതനുസരിച്ചു വിതരണവും ചെയ്യുന്നുണ്ടു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: സിന്ധിൽനിന്നു കിട്ടുന്ന അരി മുഴുവനും പച്ചരിയാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അധികവും അങ്ങിനെയാണു. എന്നാൽ ചിലപ്പോൾ പുഴുക്കലരിയും ഉണ്ടാകും.

മിസ്റ്റർ പി. നാരായണമേനോൻ: കന്നുകാലികൾക്കുംകൂടി തിന്നാൻ പറ്റാത്ത പൊടിയരി ആളുകൾക്കു കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് മനുഷ്യർക്കു് ഇതേവരെ കൊടുത്തിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെ കൊടുത്തിട്ടുണ്ടോ, ഇല്ലയോ എന്നതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചിലപ്പോൾ കൊടുത്തിട്ടുള്ള അരി നല്ലതല്ലെന്നും വന്നേക്കാം. എന്നു വിചാരിച്ചു കന്നുകാലികൾക്കു കൊടുക്കാവുന്ന വിധത്തിലുള്ള അരി മനുഷ്യർക്കു കൊടുത്തിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: കന്നുകാലികൾക്കു് കൊടുക്കാവുന്നവിധത്തിലുള്ള അരി കൊടുത്തിട്ടുണ്ടോ എന്നതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അന്വേഷിക്കാം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: കഴിഞ്ഞ മേടം 2 ൽ-ാംനു- കുറെ ആളുകൾക്കുടി അയച്ചിട്ടുള്ള പെറ്റീഷനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അന്വേഷിക്കാം.

മിസ്റ്റർ പി. നാരായണമേനോൻ: റേഷനിൽ കുറവു ചെയ്തിട്ടും പൊടിയരി വേറെ ആൾക്കെങ്കിലും കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചിലപ്പോൾ കൊടുത്തിട്ടുണ്ടാകും.

മിസ്റ്റർ പി. നാരായണമേനോൻ: ഈ പൊടിയരി ഏതു വണ്ടിയിൽ പെട്ടതാണെന്നു പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു കന്നുകാലികൾക്കു കൊടുക്കത്തക്കതല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: പുഴുക്കലരിയും, പച്ചരിയും കൊടുക്കുന്നതു് ഒരേവിധത്തിലാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ കൊടുക്കാൻ വിരോധമില്ല. പക്ഷേ കൃത്യമായിട്ടു കൊടുക്കുവാൻ സാധിച്ചുവെന്നു വരുകയില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ ചരക്കുകൾ നോക്കിയല്ലെ മേടിക്കുന്നതു; അപ്പോൾ അതിൽ എങ്ങിനെയാണു പൊടിയുണ്ടാകുന്നതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചരക്കു വാങ്ങിക്കുന്നതിൽ ചിലപ്പോൾ പൊടിയുണ്ടായെന്നു വരും.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: നോക്കി വാങ്ങിക്കുവാനുള്ള അപ്രാപ്തി കൊണ്ടല്ലെ അങ്ങിനെ വരുന്നതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: മിഥുനം, കർക്കടകം എന്നീ മാസങ്ങളിലെങ്കിലും പച്ചരി കൊടുക്കാതെ പുഴുക്കലരി തന്നെ കൊടുക്കുവാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: Rice position നോക്കുമ്പോൾ നമുക്ക് അതിനു് നിവൃത്തിയില്ല. ഇപ്പോൾ ഏതു സമയത്തും ഏഴു എട്ടു ദിവസത്തെ സ്റ്റോക്ക് മാത്രമേയുള്ളൂ.

മിസിസ്സ് കെ. എം. ആർ. മേനോൻ: നമ്മുടെ നാട്ടിൽ നിന്നു് കിട്ടുന്ന നെല്ലു് പുഴുക്കലരിയായിട്ടു കൊടുക്കുവാൻ സാധിക്കുകയില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെതന്നെയാണു് ചെയ്യുന്നതു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: നാം വാങ്ങിക്കുന്ന അരിയിൽ പൊടിയരിയും കൂടി ഉണ്ടെന്നു പറഞ്ഞുവല്ലൊ. നോക്കി വാങ്ങിക്കാത്തതു കൊണ്ടല്ലെ അങ്ങിനെ വരുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വാങ്ങിക്കുന്നതിൽ പൊടിയുണ്ടാവുകയാണു്. കച്ചവടക്കാർ വാങ്ങിക്കുന്ന അരിയായാലും മറ്റു ചരക്കുകളായാലും അതിലും മോശമുള്ളതു് ഉണ്ടാകും.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: നമുക്കു് ആവശ്യമുള്ള അരി കഴിയുന്നിത്തോളം പുഴുക്കലരിയായിട്ടുതന്നെ വാങ്ങിക്കുവാൻ സാധിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കഴിയുന്നിത്തോളം പുഴുക്കലരി തന്നെ വാങ്ങിക്കണമെന്നാണു് ആഗ്രഹം.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ആ ആഗ്രഹം അനുസരിച്ചു കഴിയുന്നിത്തോളം പുഴുക്കലരി തന്നെ വാങ്ങീട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ചെയ്യണമെന്നു പറഞ്ഞു് Instructions കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ഈ അരി പരിശോധിച്ചു സപ്ലൈ ചെയ്യുവാൻ പ്രത്യേകം വല്ല ഉദ്യോഗസ്ഥന്മാരേയും വെച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഡെപ്പോവിൽ നിന്നാണു് അരി അയക്കുന്നതു്. മനുഷ്യർക്കു ഉപയോഗിക്കുവാൻ പാടില്ലാത്തതു് Cattle food ആയിട്ടു ഉപയോഗിക്കും. മനുഷ്യർക്കു ഉപയോഗിക്കാവുന്നതു മാത്രമേ സെൻട്രൽ ഡെപ്പോവിൽനിന്നു് അയക്കുകയുള്ളൂ.

മിസ്റ്റർ പി. നാരായണമേനോൻ: മനുഷ്യർക്കു ഉപയോഗിക്കുവാൻ പാടില്ലാത്തതാണോയെന്നു് പരിശോധിക്കുവാൻ പ്രത്യേകം വല്ല ഉദ്യോഗസ്ഥന്മാരേയും നിയമിച്ചിട്ടുണ്ടോ?

RENTING OF ELEPHANTS AT PORINGALKUTHU

313. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) പെരിങ്ങൽകുത്തിലെ ആവശ്യത്തിലേക്കു പാട്ടത്തിനു് എടുത്തിട്ടുള്ള ആനകൾ ദിവസേന എത്ര ടൺ തടിയാണു് ശരാശരി പിടിച്ചിട്ടുള്ളതു്;

(ബി) മേൽപറഞ്ഞ ആനകൾ ഒരു ടൺ തടി ഒരു മൈൽ ദൂരം വലിച്ചു മാറ്റുന്നതിനു് എത്ര ഉറുപ്പിക ആനകളുടെ പാട്ടം ഇനത്തിൽ ചിലവു വരുന്നു?

റാവുസാഹിബു് കെ. അയ്യപ്പൻ:

(എ) ഓരോ ആനയും ശരാശരി ൧.൫൫ ടൺ വീതം.

(ബി) ചോദ്യത്തിൽ പറഞ്ഞവിധത്തിൽ കണക്കു വെച്ചിട്ടില്ല.

LOTION—SPRAY OF

314. മിസ്റ്റർ പി. നാരായണമോനൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) തുപ്പുണിത്തുറയിലുള്ള കോട്ടക്കകത്തും അവുവ്വും ചില ഭവനങ്ങളുടെ സമീപങ്ങളിലും മാത്രം വളരെക്കാലമായി ദിവസംപ്രതി മശകങ്ങളെ സംഹരിക്കുന്നതിനുള്ള ലോക്ഷൻ 'സ്പ്രെ' ചെയ്യുകാണാറുള്ളതു് ആ പ്രദേശങ്ങൾ മലേറിയാബാധിതങ്ങളായതുകൊണ്ടാണൊ;

(ബി) അല്ലെങ്കിൽ എന്തുകൊണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly